**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ലൈബ്രറി സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം വിഭാഗങ്ങളെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ വന്നതിനു ശേഷം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയ സമുദായങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. SIUC ഒഴികെ ക്രിസ്തുമതത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങൾ.<br><br>2. കുമാര ക്ഷത്രിയ സമുദായം.<br><br>3. കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദു ചെട്ടി, പപ്പട ചെട്ടി സമുദായങ്ങൾ.<br><br>4. പൂലുവ ഗൌണ്ടർ, വേട്ടുവ ഗൌണ്ടർ, പടയാച്ചി ഗൌണ്ടർ, കാവലിയ ഗൌണ്ടർ സമുദായങ്ങൾ.<br><br>5. ദാസ, പാർക്കവകുലം സമുദായങ്ങൾ.<br><br>6. സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട Senai Thalavar എന്ന സമുദായ പദം Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>7. സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട ചക്കാല എന്ന സമുദായ പേര് ചക്കാല, ചക്കാല നായർ എന്നാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>8. സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട പണ്ഡിതാർസ് എന്ന സമുദായ പദം പണ്ഡിതാർസ്, പണ്ഡിതർ എന്നാക്കി മാറ്റി ഉത്തരവു<br><br>പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>9. സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട Ezhuthachan എന്നത് Ezhuthachan, Ezhuthassan, |

| | | | |
|---|---|---|---|
| | | | Kadupattan എന്നാക്കി മാറ്റി ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>10. സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട Vaduvans, Vadugans, Vadukars, Vadukas (Vadukans) എന്നീ സമുദായ പദങ്ങൾക്ക് പകരം "Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan, Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans)" എന്നാക്കി മാറ്റി ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ലൈബ്രറി സൗകര്യം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാന ലൈബ്രറി കൗൺസിലുമായി സഹകരിച്ച് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ അംഗത്വം നൽകുന്നതിനും വിദ്യാർത്ഥികളുടെ അഭിരുചിയ്ക്ക് അനുസൃതമായ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>18 വയസ്സ് പൂർത്തിയായ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ യുവതീ യുവാക്കൾക്കും ലൈബ്രറി അംഗത്വം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമീപ പ്രദേശങ്ങളിലെ ലൈബ്രറികളിൽ അംഗത്വമെടുക്കുന്നതിന് കുട്ടികളെ സഹായിക്കാൻ സോഷ്യൽ വർക്കർമാർക്കും ST പ്രൊമോട്ടർമാർക്കും ചുമതലകൾ നൽകാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കമ്മ്യൂണിറ്റി ഹാളുകൾ, ക്ലബ്ബുകൾ പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അധിവസിക്കുന്ന കേന്ദ്രങ്ങളിൽ വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകി ലൈബ്രറി സജ്ജീകരിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സമീപത്തുള്ള സ്കൂളുകൾ, കോളേജുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പുസ്തകങ്ങൾ സമാഹരിച്ച് ലൈബ്രറികളാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിപുലമായ ലൈബ്രറി സംവിധാനം ഫലപ്രദമായി പിന്നാക്ക വിഭാഗങ്ങളുടെ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) | ഇന്റർനെറ്റ് സൗകര്യമുള്ള പ്രദേശങ്ങളിലെ സാമൂഹ്യ പഠനകേന്ദ്രങ്ങളിൽ ഡിജിറ്റൽ ലൈബ്രറികൾ സജ്ജീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് |

| | | | |
|---|---|---|---|
| | | | ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളായ വിജ്ഞാൻ വാടികൾ സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ജില്ലയിൽ ഒന്നു വീതം ഡിജിറ്റൽ ലേണിംഗ് സെൻ്ററുകളായി വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ